കല്പറ്റ നഗരസഭ സ്ഥലമെടുത്ത നടപടി

44 (1338) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൽപ്പറ്റ നഗരസഭ 1995-96 മുതൽ 1999-2000 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എന്തൊക്കെ ആവശ്യങ്ങൾക്കായി എത്ര വീതം സ്ഥലമെടുത്തു എന്നും ആരിൽ നിന്നൊക്കെയാണ് സ്ഥലമെടുത്തതെന്നും ഓരോ സ്ഥലത്തിന്റേയും വില എത്ര രൂപയായിരുന്നു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

1995-96 മുതൽ 1999-2000 വരെയുള്ള സാമ്പത്തിക വർഷത്തിൽ കല്പറ്റ നഗരസഭ ബസ്സ്റ്റാന്റ് നിർമ്മാണത്തിനായി 2 ഏക്കർ 77 സെന്റ് സ്ഥലം ശ്രീമതി കുഞ്ഞായിശുമ്മയിൽ നിന്നും 27,70,000 രൂപയ്ക്കും, മിനി സ്റ്റേഡിയത്തിനായി ശ്രീ. അബ്ദുള്ള കല്ലൻങ്കോടനിൽ നിന്നും 2.84 ഏക്കർ സ്ഥലം 21,01,600 രൂപയും, ശ്രീ. നാസർ കല്ലൻങ്കോടനിൽ നിന്നും .38 ഏക്കർ സ്ഥലം 2.81,200 രൂപയ്ക്കും ശ്രീമതി കല്ലങ്കോടൻ ആയിഷയിൽ നിന്നും 0.57 ഏക്കർ സ്ഥലം 4,21,800 രൂപയ്ക്കും ശ്രീ. കല്ലഇങ്കോടൻ അബ്ദുൾ സലാമിൽ നിന്നും 0.63 ഏക്കർ സ്ഥലം 4,66,200 രൂപയ്ക്കും ഉൾപ്പെടെ ആകെ 4.42 ഏക്കർ സ്ഥലം 32,70,800 രൂപക്ക് വാങ്ങിയിട്ടുണ്ട്.

വണ്ടൂർ നിയോജക മണ്ഡലത്തിൽ ഇ. എ. എസ്. പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ

45 (1339) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ വണ്ടൂർ നിയോജക മണ്ഡലത്തിൽ ഇ.എ.എസ്. പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പു നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദീകരിക്കാമോ ;

(ബി) ഇതിലേക്ക് ഈ മണ്ഡലത്തിൽ മൊത്തം ചെലവാക്കിയ തുക എത്ര ;

(സി) മില്യൻവെൽ പദ്ധതി പ്രകാരം വണ്ടൂർ നിയോജക മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി)	വർഷം	തുക
	1998-99	10,62,603
	1999-2000	79,75,032
	2000-2001	64,30,000
	ആകെ	1,54,67,635

(സി)	വർഷം	തുക
	1998-99	3,24,801
	1999-2000	6,04,334
	2000-2001	ഇല്ല
	ആകെ	9,29,135

പനവൂർ ഗ്രാമ പഞ്ചായത്തു വക വസ്തുവിൽ നിന്നും മരം മുറിച്ചത് സംബന്ധിച്ച്

46 (1340) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമപഞ്ചായത്തു വക വസ്തുവിൽ നിന്നും മരം മുറിച്ചത് സംബന്ധിച്ച് 2000-മാണ്ടിൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നടപടി എടുത്തിരിന്നുവോ ;

(ബി) ഈ സംഭവത്തിൽ പഞ്ചായത്ത് സെക്രട്ടറി എന്തു കുറ്റമാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ മരം മുറിച്ചത് ആരാണെന്നും അതുമൂലം പഞ്ചായത്തിന് എന്തു തുകയുടെ നഷ്ടമുണ്ടായിയെന്നും വെളിപ്പെടുത്തുമോ ;

(ഡി) മരം മുറിച്ചവരുടെ മേൽ എന്തു നടപടിയെടുത്തു ;

(ഇ) ഇവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	642.86
തൃശ്ശൂർ	861.45
പാലക്കാട്	981.18
മലപ്പുറം	662.71
കോഴിക്കോട്	423.97
വയനാട്	308.69
കണ്ണൂർ	575.97
കാസർഗോഡ്	200.25
ആകെ	774.201
പ്ലാന്റേഷൻ കോർപ്പറേഷൻ	0.194
കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി	0.168
കേരള ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് പ്രോഗ്രാം	302.373
സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ	0.841
ഓയിൽ പാം ഇൻഡ്യ	0.3693
ഹോർട്ടി കോർപ്പ്	2.572
ആകെ	1080.718

അനുബന്ധം IV

2-3-2001-ലെ 45 (1339)-ാം നമ്പർ ചോദ്യം കാണുക

വർഷം	വർക്കുകൾ				
	കെട്ടിടങ്ങൾ	മണ്ണ് സംരക്ഷണം	ചെറുകിട ജലസേചനം	വില്ലേജ് റോഡ്	മൊത്തം
1998-99	3	5	4	4	16
1999-2000	6	8	4	6	24
2000-2001	3	18	6	4	31

LIBRARY ARCHIVES Kerala Legislative Assembly